WWW.LIVELAW.IN

# IN THE CONSUMER DISPUTES REDRESSAL COMMISSION, THRISSUR

DISTRICT CONSUMER DISPUTES REDRESSAL ...

Present: 1. Sri.C.T.Sabu, President
2. Dr.K.Radhakrishnan Nair, Member
2. Smt.Sreeja.S , Member

30th day of September2020

CC.345/12 filed on 3/7/12

Complainant : Francis Vadakkan , S/o.Lazar, Vadakkan House, P.O.Njamanengadu, Thrissur.
(By Adv.A.D.Benny, Thrissur)

Opposite Parties: 1. The Proprietor, A-One Medicals, Vylathur, Nayarangadi, P.O.Njamanengadu, Thrissur.
2. M/s.Dhathri Ayurveda Pvt. Ltd., rep. by Managing Director, 33/1866, Adappilly Road, Vennala.P.O., Ernakulam.
(By Adv.K.Madhavan, Thrissur)
3. Anoop Menon, House No.19, Vyshnavam, Prem Nagar, Killipalam, Thiruvananthapuram.
(By Adv.Jipson antony, Thrissur)

## ORDER

**By Sri.C.T.Sabu, President :**

ഹർജി സംഗതികൾ : പരാതിക്കാരൻ രണ്ടാം എതൃകക്ഷിയുടെ പരസ്യത്തിൽ ആകൃഷ്ടനായി ഉറച്ച വിശ്വാസത്തോടും ഉയർന്ന പ്രതീക്ഷയോടും 11/1/2012ൽ ഒരു കുപ്പി ധാത്രി ഹെയർ കെയർ ക്രീം മുന്നൂറ്റി എഴുപത്തിയാറു രൂപയ്ക്കു 29300 നമ്പർ ബില്ല് പ്രകാരം ഒന്നാം എതൃകക്ഷിയിൽ നിന്നും വാങ്ങുകയുണ്ടായി ഒപ്പം തന്നെ പരസ്യത്തിലെയും ദൃശ്യമാധ്യമങ്ങളിലൂടെയുള്ള നിർദ്ദേശപ്രകാരവും തുടർച്ചയായി ഉപയോഗിച്ചു ആയതുപ്രകാരം 14/2/2012 ൽ മറ്റൊരു കുപ്പി കൂടി ഒന്നാം എതൃകക്ഷിയുടെ കടയിൽ നിന്നും [illegible] നമ്പർ ബില്ല് പ്രകാരം വാങ്ങുകയും ഉപയോഗിക്കുകയും ചെയ്തു. നിരാശാജനകമെന്നു പറയട്ടെ ഏഴു ആഴ്ചകളായി നിരന്തരം ഉപയോഗിച്ചിട്ടും തലമുടി വളരുകയോ ശുഭസൂചകമായ എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടാകുകയോ ഉണ്ടായിട്ടില്ല ഒന്നാം എതൃകക്ഷി ഉൽപ്പന്നം വിറ്റ വ്യാപാരിയും രണ്ടാം എതൃകക്ഷി നിർമ്മാതാവും ആണ്. മൂന്നാം എതൃകക്ഷി ഉല്പന്നത്തിന്റെ പരസ്യ അംബാസ്സഡറുമാണ് തെറ്റും പൊള്ളയും ആയ വാഗ്ദാനങ്ങൾ നൽകി എതൃകക്ഷി പരാതിക്കാരനെ

WWW.LIVELAW.IN

വഞ്ചിക്കുകയും മനഃപൂർവം കഷ്ടനഷ്ടങ്ങൾ വരുത്തുകയുമാണ് ചെയ്തത്. ബന്ധുമിത്രാദികളും സുഹൃത്തുക്കളും പരിഹസിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ എതൃകക്ഷികളുടെ നിർദ്ദേശപ്രകാരം ഉത്പന്നം ഉപയോഗിച്ചു പരാജയപ്പെടുകയും സമൂഹത്തിന്റെ മുൻപിൽ പരിഹാസപാത്രമാകുകയും ആണ് ഉണ്ടായത്. പരാതിക്കാരൻ അരോഗദൃഢഗാത്രനും യാതൊരുവിധ അന്യ എണ്ണകളോ തൈലങ്ങളോ പ്രസ്തുത കാലയളവിൽ ഉപയോഗിച്ചിട്ടില്ലാത്തതും ആണ്. മൂന്നാം എതൃകക്ഷി സർട്ടിഫിക്കേഷൻ ഉള്ള ഒരു നിലവാരമുള്ള കമ്പനി ആണെന്നും അവകാശപ്പെടുന്നു. പരാതിക്കാരന് മറിച്ചു വിശ്വസിക്കാൻ അവസരം മുൻപില്ലാത്തതിനാലും ഒരു സാധാരണ വ്യക്തി എന്ന നിലയിൽ പരസ്യത്തിൽ ആകൃഷ്ടനാകുകയും ചെയ്തു. സത്യവിരുദ്ധമായതും വാഗ്ദാനം നിറവേറ്റാൻ കഴിയാത്തതുമായ പരസ്യങ്ങൾ നൽകി ഉപഭോക്താവിനെ ചൂഷണം ചെയ്യുകയെന്നത് എതൃകക്ഷികൾ ചെയ്യാൻ പാടില്ലാത്ത ഗുരുതരമായ തെറ്റും കുറ്റകരവുമായ വഞ്ചനയും സേവനത്തിലുള്ള ഗുരുതരമായ ന്യൂനതയും അനുചിതവ്യാപാരവൃത്തിയും ആണ്. ഉപഭോക്തൃസംരക്ഷണ നിയമത്തിന്റെ നഗ്നലംഘനവുമാണ്. ആവലാതിക്കാരൻ രണ്ടും മൂന്നും എതൃകക്ഷികൾക്കു അഭിഭാഷകൻ മുഖേന നോട്ടീസ് അയച്ചു എങ്കിലും യാതൊരു നിവൃത്തിയും ഉണ്ടായിട്ടില്ല. പരാതിക്കാരന് സംഭവിച്ച മനോവിഷമത്തിനും മാനഹാനിക്കും കഷ്ടനഷ്ടങ്ങൾക്കും എതൃകക്ഷികൾ ബാധ്യതപ്പെട്ടവരാണ്. നീതിക്കു നിരക്കാത്ത ഇത്തരം അന്യായ പ്രവൃത്തികൾ ആവർത്തിക്കാതിരിക്കാൻ കോടതിയുടെ ശക്തമായ ഇടപെടൽ ആവശ്യമാണ്. പരാതിക്കാരന്റെ ആവലാതി പരിഹരിക്കുന്നതോടൊപ്പം ഇത്തരമൊരു പരാതിക്കു ഇടംനല്ലാതിരിക്കാനും അവസരമൊരുക്കണമെന്നു പരാതിക്കാരൻ ആവർത്തിച്ച് വാദം കേട്ട സമയത്തു ആവശ്യപ്പെടുകയുണ്ടായി. പരാതിക്കാരന്റെ കഷ്ടനഷ്ടങ്ങൾക്കും മനോവേദനക്കും മാനഹാനിക്കും നഷ്ടപരിഹാരമായി അഞ്ചുലക്ഷം രൂപ അനുവദിക്കുമാറാകണമെന്നു വിനയപൂർവം ആവശ്യപ്പെടുന്നു.

2. കേസ് ഫയലിൽ സ്വീകരിച്ചു. എതൃകക്ഷികൾക്കു നോട്ടീസ് ഉത്തരവായി. അഭിഭാഷകർ മുഖേന എതൃകക്ഷികൾ ഹാജരായി ആക്ഷേപം ഫയൽ ചെയ്തു. ഒന്നും രണ്ടും എതൃകക്ഷികൾ കൂട്ടായി നൽകിയ ആക്ഷേപം അനുസരിച്ചു ഹർജി നിലനിൽക്കത്തക്കതല്ല. ഉത്തമ വിശ്വാസം കൂടാതെയും എതൃകക്ഷികളെ ബുദ്ധിമുട്ടിപ്പിക്കുന്നതിനും വേണ്ടിയാണു ഹർജിക്കാരൻ ഹർജി ബോധിപ്പിച്ചിട്ടുള്ളത്. ഹർജിക്കാരൻ ബോധിപ്പിച്ചിട്ടുള്ള സി ഡി നിയമാനുസരണം സ്വീകരിക്കാവുന്നതല്ല. ഇന്ത്യൻ തെളിവ് നിയമം S 65 (B) പ്രകാരം പാലിക്കേണ്ടതായ യാതൊരു

WWW.LIVELAW.IN

നടപടികളെല്ലും പാലിച്ചിട്ടില്ല.
ആക്ഷേപത്തിൽ പറയുന്നത് രണ്ടാം എതൃകക്ഷി പ്രത്യേകം സമർപ്പിച്ച
അയച്ചിരുന്നു . യാത്രി ഹെയർ പരാതിക്കാരന്റെ നോട്ടീസിന് മറുപടി
ശരിയാണെന്നു തെളിയിച്ചിട്ടുള്ളതാണ് കെയർ ക്രീം ശാസ്ത്രീയമായി പരീക്ഷിച്ചു.
വിധത്തിലും പ്രേരിപ്പിച്ചിട്ടില്ല പരാതിക്കാരനെ യാതൊരു
ഭാരത്തിലാണ് ഫലം കാണുക . ക്രീം ഓരോ വ്യക്തിയിലും ഓരോ
തെളിയിക്കുവാൻ ബാധ്യതപ്പെട്ടവനാണ് പരാതിക്കാരൻ പ്രസ്താവിച്ച കാര്യങ്ങൾ
തള്ളിക്കളയേണ്ടുന്നതാണ്. കളവും ശരിയുമല്ലാത്തതിനാൽ
മൂന്നാം എതൃകക്ഷി ഹാജരാക്കിയ
ആക്ഷേപത്തിൽ ഹർജി സംഗതികൾ എല്ലാം തന്നെ പൂർണമായി നിഷേധിക്കുന്നു . ഹർജിക്കാരനെയോ മറ്റോ സ്വാധീനിക്കുന്ന വിധമോ വിശ്വസിപ്പിക്കുന്ന വിധമോ തെറ്റായ വിധത്തിലുള്ള യാതൊരു പരസ്യ പ്രചാരണവും ഈ എതൃകക്ഷി നടത്തിയിട്ടില്ല എന്ന് പ്രസ്താവിക്കുന്നു ഹർജിക്കാരൻ നിയമപരമായി ഒരു ഉപഭോക്താവല്ല . ഒന്നും രണ്ടും എതൃകക്ഷികളുമായി മൂന്നാം എതൃകക്ഷിക്ക് യാതൊരുവിധ നിയമപരമായ ബന്ധവുമില്ലാത്തതുമാണ് . ആയതിനാൽ പരീക്ഷണാർത്ഥം ബോധിപ്പിച്ച കേസ് ചിലവ് സഹിതം തള്ളിക്കളയേണ്ടുന്നതാണ് .

3.കേസ് തെളിവിലേക്കായി മാറ്റി കേസിന്റെ അവസാനതീർപ്പിലേക്കു താഴെ പറയുന്ന പ്രസക്ത വിഷയങ്ങൾ പരിഗണിക്കേണ്ടതുണ്ട് .

1 എതൃകക്ഷികളുടെ ഭാഗത്തു എന്തെങ്കിലും സേവന ന്യൂനതയുണ്ടോ?

2 ഉണ്ടെങ്കിൽ എന്തൊക്കെ പ്രതിവിധിയും ചിലവുകളുമാണ് അനുവദിക്കേണ്ടത്?

4.പരാതിക്കാരൻ കോടതി മുമ്പാകെ നേരിട്ട് ഹാജരായി തെളിവ് സത്യവാങ്മൂലം സമർപ്പിച്ചു . ഒപ്പം ഏഴു രേഖകളും രണ്ടു മൂലവസ്തുക്കളും സമർപ്പിച്ചു . രേഖകൾ P1 to P7 എന്നും വസ്തുക്കൾ MO1 & MO2 എന്നും അടയാളപ്പെടുത്തി . രേഖP1 29300 നമ്പർ ബിൽ, P2 30675 നമ്പർ ബിൽ, P3 യാത്രി ഹെയർ പ്രൊട്ടക്ടർ എന്ന പരസ്യം , P4 മാതൃഭൂമി ദിനപത്രത്തിൽ 2012 ജനുവരി 26 വ്യാഴാഴ്ച പ്രസിദ്ധപ്പെടുത്തിയ പരസ്യം . P5 വക്കീൽ നോട്ടീസ് തിയ്യതി 7/3/12 . P6 മറുപടി നോട്ടീസ് തിയ്യതി 20/3/12, P7(SP) പരസ്യത്തിന്റെ സി ഡി . രണ്ടാം എതൃകക്ഷിയും മൂന്നാം എതൃകക്ഷിയും തെളിവ് സത്യവാങ്മൂലം ഹാജരാക്കി രണ്ടാം എതൃകക്ഷി നാല് രേഖകളും ഹാജരാക്കി . പ്രസ്തുത രേഖകൾ R1 to R4 എന്ന് അടയാളപ്പെടുത്തി. R1 ബോർഡ് പാസ്സാക്കിയ പ്രമേയത്തിന്റെ സർട്ടിഫൈ ചെയ്ത ശരിപ്പകർപ്പ് . R2, R3, R4 സ്പൈറൽ ബൈൻഡ് ചെയ്ത പുസ്തകം . രേഖാ മൂലമുള്ള ന്യായവാദങ്ങൾ ഇരുകക്ഷികളും സമർപ്പിച്ചു . ഇരുകക്ഷികളുടെയും വാദമുഖങ്ങൾ (PW1 & RW1) നേരിട്ടും കേട്ട്

WWW.LIVELAW.IN

വിലയിരുത്തി കമ്മീഷൻ റിപ്പോർട്ടിന്റെ ഭാഗമായുള്ള OP3 യുടെ മൊഴികളും പരിശോധിച്ചു.

5.തെളിവ് വിശകലനം: രേഖകൾ P1 to P7 സൂക്ഷ്മതയോടും തുറന്ന മനസ്സോടും പരിശോധിച്ചതിൽ ഹർജി സംഗതികൾ ശരിയും സത്യവുമാണെന്നു കമ്മീഷന് ബോധ്യപ്പെട്ടിട്ടുള്ളതാണ്. രേഖ P1 & P2 ധാത്രി ഹെയർ ക്രീം വാങ്ങിയതിനുള്ള വ്യക്തമായ തെളിവുകളാണ്. ക്രീം വാങ്ങിയത് ഉപയോഗിച്ചുവെന്നും അതിനും ഫലം കിട്ടിയില്ലെന്നും പരാതിക്കാരൻ ബോധിപ്പിച്ച സത്യപ്രസ്താവന അവിശ്വസിക്കാൻ യാതൊരു വ്യത്യസ്ത സാഹചര്യങ്ങളും നിലനിൽക്കുന്നുവെന്നു തെളിയിക്കുവാൻ എതൃകക്ഷികൾക്കു കഴിഞ്ഞിട്ടില്ല. രേഖ P4 2012 ജനുവരി 26 വ്യാഴാഴ്ച റിപ്പബ്ലിക്ക് ദിനത്തിൽ വന്ന പരസ്യം മൂന്നാം എതൃകക്ഷിയുടെ അനുവാദത്തോടെയല്ല എന്ന വാദം അംഗീകരിക്കുവാൻ വ്യക്തമായ തെളിവുകൾ മൂന്നാം എതൃകക്ഷി ഹാജരാക്കിയിട്ടില്ല. മൂന്നാം എതൃകക്ഷിയെ വിസ്തരിച്ച കമ്മീഷണറുടെ റിപ്പോർട്ടിൽ ഒന്നും അറിയില്ലയെന്നും പരസ്യം ശ്രദ്ധിച്ചിട്ടില്ല എന്നും പരസ്യം കൊടുത്തത് അനുവാദം ഇല്ലാതെയാണെങ്കിൽ എന്തെങ്കിലും എതിർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന ചോദ്യങ്ങൾക്കെല്ലാം നിഷേധാത്മകമായ മറുപടിയാണ് സാക്ഷി നല്കിയിട്ടുള്ളതാണ്. രേഖ P4 പരിശോധിച്ചാൽ "ശരിക്കും മുടി വളരും. വെറും ആറു ആഴ്ച കൊണ്ട് മുന്ന് മടങ്ങു ഫലപ്രദം". കഷണ്ടി വരുമോ എന്നായിരുന്നു എനിക്ക് പേടി. ധാത്രി ഹെയർ ക്രീം ആറു ആഴ്ച ഉപയോഗിച്ചു. മുടി നന്നായി വളർന്നു. ഇനി ആർക്കുവേണേലും റെക്കമെൻറ് ചെയ്യാം. എത്ര വലിയ മുടി കൊഴിച്ചിലും തടഞ്ഞു മുടി നന്നായി തഴച്ചു വളരും. ഡെലിവറി കഴിഞ്ഞപ്പോൾ മുടി നന്നായി കൊഴിഞ്ഞെങ്കിലും ആറു ആഴ്ച ധാത്രി ഹെയർ ക്രീം ഉപയോഗിച്ചതേയുള്ളു. മുടി നന്നായി വളർന്നു. പരസ്യങ്ങൾ കൂടുതൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. വിസ്താരഭയത്താൽ കൂടുതൽ വിശദീകരിക്കുന്നില്ല. പരസ്യ അംബാസഡർ കൂടിയായ മൂന്നാം എതൃകക്ഷി (പ്രസ്തുത അവകാശവാദം നിഷേധിക്കുന്നു.) വിസ്താരമദ്ധ്യേ സമ്മതിക്കുന്നു. മുടി വളരാനല്ല മുടി സംരക്ഷിക്കുവാനാണ് പരസ്യത്തിൽ ഏർപ്പെട്ടത്. പരസ്യത്തിൽ പറയുന്നത് എനിക്കറിയില്ല. അതവരുടെ സ്റ്റോറിയാണ്. എന്നാൽ മുടിയുടെ പരസ്യവുമായി ബന്ധപ്പെട്ടു വീഡിയോ ഷൂട്ടിംഗ് ഉണ്ടായിട്ടുണ്ട്. "ഞാൻ തർക്ക വിഷയമായ ഉത്പന്നം ഉപയോഗിച്ചിട്ടില്ല. അമ്മ കാച്ചിത്തരുന്ന എണ്ണയാണ് ഉപയോഗിക്കാറുള്ളത്. പരസ്യകരാർ 2011 മുതൽ2012 കാലത്താണ്. ധാത്രി ആയുർവേദ പ്രൈവറ്റ് ലിമിറ്റഡുമായി എനിക്ക് കരാറില്ലയെന്നാണ് ഞാൻ കരുതുന്നത്. രേഖ P3 ഇംഗ്ലീഷിലും മലയാളത്തിലുമുള്ള പരസ്യ ലഘുലേഖകളാണ്. മുടി

WWW.LIVELAW.IN

ലഭിക്കുവാനും മുടി വളരാനുമുള്ള മാന്ത്രിക വിദ്യയാണ് രേഖ P3 യിലും വെളിവാക്കുന്നത് . പരാതിക്കാരൻ കോടതിയിൽ നേരിട്ട് ഹാജരായിരുന്ന സമയത്തു നല്ല ആരോഗ്യവാനായിരുന്നു എന്ന് കമ്മീഷന് ബോധ്യം വന്നിട്ടുണ്ട്. ആരോഗ്യവാനല്ല എന്ന് കാണിക്കുവാൻ ഒരു രേഖകളും കോടതിക്ക് മുൻപാകെ ഹാജരാക്കിയിട്ടില്ല . അതിന്റെ പ്രസക്തിയും കമ്മീഷന് ബോധ്യപ്പെട്ടിട്ടില്ല. കൃത്യമായി ഉപയോഗിച്ചിട്ടില്ലായെന്നും മുടി വളർന്നില്ലായെന്നും മറ്റു എണ്ണകൾ ബന്ധുമിത്രാദികളുടെ മുൻപിൽ പരിഹാസപാത്രമായി എന്നുമുള്ള പരാതിക്കാരന്റെ സത്യപ്രസ്താവനകൾ കമ്മീഷൻ മുഖവിലക്കെടുക്കുന്നതും ആയതു ശരിയും സത്യവുമാണെന്നും കമ്മീഷന് ബോധ്യപ്പെട്ടിട്ടുള്ളതുമാണ് . ധാത്രി ഹെയർ ഓയിൽ ഉപയോഗിക്കുന്നതിനുവേണ്ടി ഡോക്ടറുടെയോ വൈദ്യരുടെയോ ഉപദേശം കിട്ടിയിരുന്നോ എന്ന ചോദ്യത്തിന് പരാതിക്കാരൻ നൽകിയ മറുപടി ഇപ്രകാരമാണ് "പരസ്യം കണ്ട് ഉപയോഗിച്ചതാണ് (PW1 - page 2). PW1 ന്റെ മൊഴികളിലൊരിടത്തും ഒരു വൈരുദ്ധ്യം ദർശിക്കുവാൻ കഴിയുന്നില്ല . RW1 ന്റെ മൊഴിയിൽ (P4) വ്യക്തിക്കനുസരിച്ചു ഫലത്തിൽ മാറ്റം വരുമെന്ന് രേഖ P3 യിൽ പറയുന്നുണ്ട് എന്ന് വെളിപ്പെടുത്തുന്നു . രേഖ P4 ൽ ഇല്ല എന്ന് വ്യക്തമാണ് . പാക്കറ്റിനോടൊപ്പമുള്ള ബ്രോഷറിൽ മുൻകരുതൽ എന്ന ഭാഗത്താണ് ഇപ്രകാരം കൊടുത്തിട്ടുള്ളതായി കാണുന്നത് . പ്രസ്തുത അറിയിപ്പുകൾ മാഗ്നിഫയിങ് മിറർ വെച്ച് നോക്കിയാൽ പോലും വായിക്കാൻ കഴിയുന്നതല്ല . രേഖ R2 to R4 സ്വാർത്ഥ താല്പര്യം കണക്കിലെടുത്തു തയ്യാറാക്കി സൂക്ഷിക്കുന്ന രേഖകളാണെന്ന പരാതിക്കാരന്റെ അഭിഭാഷകൻ ഉയർത്തിയ വാദം തള്ളിക്കളയാനും കഴിയില്ല . മറിച്ചു രേഖ P4 ൽ മറ്റു പ്രശസ്ത വ്യക്തികളുടെയും പേരിൽ ഗുണഫലം ലഭിച്ചെന്ന വിശദീകരണം നൽകിയിട്ടുണ്ട് . അവർ ആരും തന്നെ തെളിവ് നൽകിയിട്ടില്ല . മുഖ്യ [illegible] മൂന്നാം എതൃകക്ഷിയും ഈ സാധനം ഉപയോഗിച്ചിട്ടില്ലായെന്നുതന്നെയാണ് മൊഴി നൽകിയിട്ടുള്ളത് . ആയുർവേദ മരുന്നുകളുടെ ഫലപ്രാപ്തിയെയോ ആയുർവേദ ശാസ്ത്രശാഖയെയോ പരാതിക്കാരൻ ചോദ്യം ചെയ്യുന്നില്ല . മറിച്ച് ആകർഷകമായ പരസ്യം നൽകി ഉപഭോക്താവായ പരാതിക്കാരന് വാഗ്ദാനം ചെയ്ത ഫലം ലഭ്യമാക്കുവാൻ എതൃകക്ഷികൾക്കു കഴിഞ്ഞിട്ടുണ്ടോ എന്ന പ്രസക്തമായ ചോദ്യത്തിന് വ്യക്തവും ശക്തവുമായ മറുപടിക്കായി അന്വേഷിച്ചതിൽ കമ്മീഷന് ബോധ്യം വന്ന കാര്യം ഇവിടെ വ്യക്തമാക്കുന്നു . പത്രധർമ്മം മറന്ന വർത്തമാനപത്രങ്ങൾ പരസ്യ പത്രങ്ങളായി മാറി . ഉപഭോഗസംസ്കാരം വളർന്നു വരുന്നതോടുകൂടി പരസ്യങ്ങൾ പത്രത്താളുകൾ പൂർണമായും കയ്യടക്കുവാൻ തുടങ്ങി . ഉപഭോക്താവിനെ ശരിയായ ദിശയിലേക്കു

WWW.LIVELAW.IN

CONSUMER DISPUTE

...നൽകേണ്ടുന്നവർ തെറ്റായ ദിശയിലേക്കു തള്ളിയിട്ടു നിർദാക്ഷിണ്യം ചൂഷണം ചെയ്യുന്ന ഗുരുതരമായ ഒരു സ്ഥിതിവിശേഷം ആണ് നിലവിലുള്ളത് പരസ്യങ്ങളിൽ തൊണ്ണൂറു ശതമാനവും തികച്ചും ഉപയോഗശൂന്യമാണ് . പരസ്യം എന്ന ഏർപ്പാട് ഇല്ലായിരുന്നുവെങ്കിൽ ഏതൊരു വസ്തുവിന്റെയും വില പകുതികണ്ട് കുറയുമായിരുന്നു . അത്രകണ്ട് ഉപഭോക്താവിന് ലാഭമാകുമായിരുന്നു . പരസ്യം അടിസ്ഥാനപരമായി ഉപഭോഗത്വര സൃഷ്ടിക്കുവാനുള്ള ഒരു തന്ത്രം ആണ്. ആളുകൾക്ക് ആവശ്യമില്ലാത്ത സാധനങ്ങൾ വാങ്ങിപ്പിക്കുവാനുള്ള ഒരുപായം. പരസ്യത്തിനെ നല്ല രീതിയിലും ഉപയോഗിക്കാം . ഉപഭോക്തൃമേഖലയിൽ ശരിയായ ദിശയിൽ ഒരു ഉപഭോക്തൃസംസ്കാരം വളർത്തിയെടുത്തു ബോധവത്കരിച്ചു അത്യാവശ്യമുള്ളവ ഗുണനിലവാരം ഉറപ്പു വരുത്തി തെരഞ്ഞെടുക്കുവാനും യാതൊരു കാരണവശാലും ചൂഷണത്തിന് വിധേയനായിട്ടില്ലായെന്നു സ്വയം ബോദ്ധ്യം വരുന്നതിനും പരസ്യങ്ങൾക്ക് കഴിയണം മറിച്ചുള്ളവ തിരസ്കരിക്കുവാനും കഴിയണം . അറിവും വിവേകവുമാണ് ഒരു ജനതയുടെ ശക്തി . മേൽ വിവരിച്ച അന്വേഷണപ്രക്രിയയിൽ പരസ്യത്തിൽ വാഗ്ദാനം ചെയ്ത ഫലപ്രാപ്തി തൃപ്തികരമായിയെങ്കിലും ലഭ്യമാക്കുവാൻ എതൃകക്ഷികൾക്കു കഴിഞ്ഞതിട്ടില്ലായെന്നു ഈ കമ്മീഷന് ഉത്തമ ബോദ്ധ്യം വന്നിട്ടുള്ളതാണ് ഓരോ വ്യക്തിയിലും വ്യത്യാസപ്പെട്ടിരിക്കുമെന്ന ജാമ്യവ്യവസ്ഥ ഉദ്ദേശിച്ച ഫലം നിഷേധിക്കുന്നതിന് കാരണമാകുന്നില്ല എതൃകക്ഷികളുടെ ഭാഗത്തു സേവന ന്യൂനതയും അനുചിത വ്യാപാരവൃത്തിയും പ്രകടമായി തെളിഞ്ഞിട്ടുണ്ട്

6.പ്രതിവിധിയും ചെലവുകളും : രണ്ടും മൂന്നും എതൃകക്ഷികൾ മുഖ്യമായും സേവനത്തിൽ ന്യൂനത വരുത്തിയ കക്ഷികളാണ് . ഒന്നാം എതൃകക്ഷിയും കൂട്ടാളിയായി പ്രവർത്തിച്ചതിൽ ഉത്തരവാദിത്വം ഇല്ലാതാകുന്നില്ല . പരാതിക്കാരന് ഉചിതമായ പരിഹാരം നൽകേണ്ടതുണ്ട് . മൂന്നാം എതൃകക്ഷി ഇപ്രകാരമുള്ള പരസ്യങ്ങളിൽ കരാറു കൊടുക്കുമ്പോൾ ഉത്പന്നത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തിയും ബോധ്യപ്പെട്ടും മാത്രമേ ഭാവിയിൽ ഏർപ്പെടുകയുള്ളുവെന്നു ഉറപ്പു വരുത്തണം . നിലവിലുള്ള കേസിൽ രണ്ടാം എതൃകക്ഷിയും മൂന്നാം എതൃകക്ഷിയും പതിനായിരം രൂപ വീതം നഷ്ടപരിഹാരവും ഒന്നാം എതൃകക്ഷി മൂവായിരം രൂപ കോടതി ചെലവും പരാതിക്കാരന് നൽകുവാൻ ഉത്തരവാകുന്നു . ഈ ഉത്തരവിന്റെ കോപ്പി ലഭിച്ചു മുപ്പതു ദിവസത്തിനകം ഉത്തരവ് നടപ്പാക്കേണ്ടതാണ് ഉത്തരവ് നടപ്പാക്കുവാൻ വൈകുന്ന പക്ഷം നടപ്പാക്കുന്നതുവരെ 12% പലിശയും കൂടി നല്കേണ്ടുന്നതാണ്

WWW.LIVELAW.IN

Dictated to the Confidential Assistant, transcribed by her, corrected by me and pronounced in the open Commission this the 10th day of September 2020.

| | | |
|---|---|---|
| Sd/- | Sd/- | Sd/- |
| Sreeja.S | Dr.K.Radhakrishnan Nair | C.T.Sabu |
| Member | Member | President |

## Appendix

**Complainant's Exhibits**

രേഖ P1 29300 നമ്പർ ബില്ല്,
P2 30675 നമ്പർ ബില്ല്,
P3 ധാത്രി ഹെയർ പ്രൊട്ടക്ടർ എന്ന പരസ്യം.
P4 മാതൃഭൂമി ദിനപത്രത്തിൽ 2012 ജനുവരി 26 വ്യാഴാഴ്ച പ്രസിദ്ധപ്പെടുത്തിയ പരസ്യം,
P5 വക്കീൽ നോട്ടീസ് തീയ്യതി 7/3/12.
P6 മറുപടി നോട്ടീസ് തീയ്യതി 20/3/12.
P7(SP) പരസ്യത്തിന്റെ സിഡി

**Complainant's witness**

PW1 Francis

**Opposite parties Exhibits**

രേഖ R1 ഡോക്ടർ പാസ്സാക്കിയ പ്രമാണത്തിന്റെ സർട്ടിഫൈഡ് ചെയ്ത ശരിപ്പകർപ്പ്.
രേഖ R2, R3, R4 സെൻട്രൽ ലൈബ്രറി ചെയ്ത പുസ്തകം

**Opposite parties witness**

RW1 Karthikeyan

MO1 & MO2 Packet & bottle of dhathri care protector

**Cases Referred**

1. Divya Sood Vs. Gurdeep Kaur Bhuhi (2007)1 CPJ 44 NC
2. BSNL Vs. G.N.Roy 2004(iii)CPJ 124
3. K.Mohammed Rafi Vs.Wilkinson Sword Pvt. Ltd. 2006(1)CPJ 314

Id/-
President

//True copy//

Senior Superintendent

30/9/20
29/12/20
29/12/20

Senior Superintendent 29/12/20
Redressal Forum